# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1470 — 03.10.2016 ൽ മറുപടിയ്ക്ക്

### ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ

| ചോദ്യം<br>ശ്രീമതി . യു. പ്രതിഭ ഹരി | | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഓച്ചിറ പന്ത്രണ്ട് വിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പതിനായിരക്കണക്കിന് ഭക്തജനങ്ങൾ പ്രതിദിനം എത്തുന്ന ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിൽ വാണിഭക്കാർ, ഭക്തജനങ്ങൾ എന്നിവർ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇവിടെ ഗുരുതരമായ പാരിസ്ഥിതിക പ്രശ്നം സൃഷ്ടിക്കുന്നുണ്ട് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇവിടെ പ്ലാസ്റ്റിക് നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിലവിൽ ക്ഷേത്രപരിസരത്ത് കുമിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ നീക്കം ചെയ്യുന്നുണ്ട്.<br><br>ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ ഉത്സവപ്പറമ്പ് പ്ലാസ്റ്റിക് വിമുക്ത മേഖലയായി പ്രഖ്യാപിച്ച് പോലീസ്/പഞ്ചായത്ത് വകുപ്പുകളെ പ്രഖ്യാപനം നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്താവുന്നതാണ് എന്ന് ചൂണ്ടിക്കാട്ടി ആരോഗ്യവകുപ്പ് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ഇക്കൊല്ലത്തെ ഉത്സവത്തോടനുബന്ധിച്ച് മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ടുന്ന നിർദ്ദേശം സംഘാടകർക്ക് നൽകുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ